## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 125

14/12/2012-ൽ മറുപടിക്ക്

### രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ നോഡൽ ഏജൻസി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീമതി ഇ.എസ്. ബിജിമോൾ<br>ശ്രീമതി ഗീതാഗോപി<br>ശ്രീ. വി. ശശി | ഡോ.എം.കെ. മുനീർ,<br>ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി |
| (എ) കുടുംബശ്രീയെ കൂടാതെ മറ്റ് ഏതെല്ലാം സമാന സംഘടനകൾ സർക്കാർ പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയായി സംസ്ഥാനത്ത് പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ നോഡൽ ഏജൻസി കൃഷിവകുപ്പാണ്. |
| (ബി) രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സംസ്ഥാനനോഡൽ ഏജൻസി ആരാണ് ; ഈ സംഘടനയ്ക്ക് ഇതിനകം ഈ പദ്ധതിയ്ക്കായി എന്ത് തുക അനുവദിച്ചു; | (ബി) കൃഷിവകുപ്പാണ് രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സംസ്ഥാന നോഡൽ ഏജൻസി. വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി ഈ സാമ്പത്തിക വർഷം 156.10 കോടി രൂപ കൃഷിവകുപ്പിന് അനുവദിച്ചു. |
| (സി) പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചാണ് ഈ സംഘടനയ്ക്ക് ഫണ്ട് നൽകിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നൽകിയ ഫണ്ട് തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (സി) ബാധകമല്ല. |

(ഡി) കുടുംബശ്രീ പ്രവർത്തകരുടെ സമരത്തെ തുടർന്നുണ്ടായ ഒത്തു തീർപ്പ് വ്യവസ്ഥകൾ ഏതെല്ലാം ; ഈ വ്യവസ്ഥകൾ ലംഘിച്ചിരിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തുടർന്ന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ?

(ഡി) കുടുംബശ്രീ പ്രവർത്തകരുടെ സമരത്തെത്തുടർന്നുള്ള ഒത്തുതീർപ്പ് വ്യവസ്ഥകൾ താഴെപറയുന്നു.

1. കേന്ദ്രസർക്കാർ അംഗീകരിച്ച പ്രോജക്ട് രേഖയിൽ പറയുന്നപോലെ കുടുംബശ്രീ മിഷൻ ദേശീയ ഉപജീവന മിഷന്റെ കേരളത്തിലെ നോഡൽ ഏജൻസിയായിരിക്കും.
2. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 5-7 ശതമാനം പലിശ നിരക്കിൽ വായ്പ ലഭ്യമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അത് ഉടനടി നടപ്പിലാക്കും. എൻ.ആർ.എൽ.എം.ന്റെ പലിശ സബ്സിഡി സ്കീം ഇതുമായി ബന്ധിപ്പിക്കും. (പലിശ 4 ശതമാനമാക്കാൻ സർക്കാർ പരിശ്രമിക്കും)
3. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ഭവനശ്രീ പദ്ധതി പ്രകാരം സഹകരണ ബാങ്കിൽ നിന്നെടുത്ത വായ്പാ തിരിച്ചടവ് സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഭവനശ്രീ വായ്പയാണെന്ന് പരിശോധിച്ച് ഉറപ്പാക്കിയ ശേഷം അത് ഉടൻ നടപ്പിലാക്കും. (ഏകദേശം 12.16 കോടി രൂപ)
4. കുടുംബശ്രീക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. ഇനി ആവശ്യമുണ്ടായാൽ നൽകും.

5. മൾട്ടിപ്പിൾ ലോൺ ഉണ്ടാക്കാവുന്ന സാമ്പത്തിക ബാധ്യതയും കടക്കെണിയും പരിഗണിച്ച് അവ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കും

6. മേറ്റ് തെരഞ്ഞെടുപ്പിൽ സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങളിൽ എ.ഡി.എസ് അംഗത്വം ഒരു മാനദണ്ഡമായി ഉൾപ്പെടുത്തും. മാനദണ്ഡ പ്രകാരം പഞ്ചായത്ത് മേറ്റ് പട്ടിക തയ്യാറാക്കി മുൻകൂട്ടി പ്രസിദ്ധീകരിക്കും. ഇതിൽ നിന്നും റൊട്ടേഷൻ അടിസ്ഥാനത്തിലായിരിക്കും മേറ്റിനെ നിശ്ചയിക്കുക.

7. ജനശ്രീക്ക് നൽകിയ ആർ.കെ.വി.വൈ ഫണ്ട് സംബന്ധിച്ച് ബഹു:കേന്ദ്രമന്ത്രി ശ്രീ.പവാറിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ അദ്ദേഹം എടുക്കുന്ന തീരുമാനം സർക്കാർ അംഗീകരിക്കും. സമരസമിതിക്ക് ഇനിയും പരാതിയുണ്ടെങ്കിൽ നേരിട്ട് കേന്ദ്രമന്ത്രിക്ക് അയച്ചുകൊടുക്കാവുന്നതാണ്.

ഈ വ്യവസ്ഥകൾ ലംഘിച്ചിരിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ